(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിദേശത്ത് ജോലിയിൽ തുടരുന്നതിന് ഇപ്പോൾ 20 വർഷം വരെ അവധി അനുവദിക്കുന്നുണ്ട്. 20 വർഷങ്ങൾക്കുശേഷം വിദേശത്തുള്ള ജോലിയും അവസാനിപ്പിച്ച് റിട്ടയർമെന്റ് തീയതിയും കഴിഞ്ഞ് തിരികെ വന്ന് പെൻഷൻ ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിന്റെ സർവ്വീസ് വിവരങ്ങൾ കണ്ടെടുത്ത് പെൻഷൻ അനുവദിക്കുകയെന്നുള്ളത് വളരെ പ്രയാസകരമായതിനാൽ റിട്ടയർമെൻറിന് ഒരുവർഷം മുൻപ് ജോലിയിൽ തിരികെ പ്രവേശിച്ച് പെൻഷൻ അപേക്ഷ നൽകുന്നതാണ് ജീവനക്കാർക്കും സർക്കാരിനും നല്ലത്. അതിനാൽ ടി വ്യവസ്ഥ റദ്ദുചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

**16(19) പി.എസ്.സി. മുഖാന്തിരം നടത്തിയ നിയമനങ്ങൾ**

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-മെയ് മാസം മുതൽ നാളിതുവരെയായി പി.എസ്.സി. മുഖാന്തിരം ആകെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(സി) മേൽ കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കാലയളവിൽ നിയമനത്തിനായി എത്ര പരീക്ഷകൾ പി.എസ്.സി. നടത്തിയിട്ടുണ്ട്;

(ഇ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമന നടപടി ത്വരിതപ്പെടുത്തുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ 96954 പേർക്ക് പി.എസ്.സി. യിൽ നിന്നും നിയമനത്തിനുള്ള ശുപാർശ നൽകിയിട്ടുണ്ട്.

(ബി,സി,ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമന അധികാരികൾക്കും വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**17(20) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി**

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 1997 ജനുവരി മുതൽ 1998 ആഗസ്റ്റ് 16 വരെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലും, സ്ഥാപനങ്ങളിലും താല്ക്കാലികാടി സ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ ആവശ്യം ഉന്നയിച്ച് താല്ക്കാലിക ജീവനക്കാരുടെ സംഘടന സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാരതത്തിന്റെ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ മാനദണ്ഡം ഇവർക്കുകൂടി ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇവരിൽ പ്രായപരിധി കഴിഞ്ഞ വിധവകൾ, പിന്നോക്കസമുദായംഗങ്ങൾ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിന് പ്രാമുഖ്യം നൽകുമോ;

(ഇ) പി.എസ്.സി.ക്ക് വിട്ടിട്ടില്ലാത്ത ഒഴിവുകളിൽ (ഹെൽത്ത്, വാട്ടർ അതോറിറ്റി, ക്ഷേമനിധി) ബോർഡുകൾ എന്നിവയിലെ ഫുൾടൈം/പാർട്ട് ടൈം ഒഴിവുകൾ) ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ഉദ്ദേശമില്ല.

(ഡി,ഇ) ഉദ്ദേശമില്ല.

**18(21) നിയമനം ലഭിച്ചവർ**

ശ്രീ. എൻ.കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ തസ്തികകളിൽ എത്ര പേർക്ക് സ്ഥിരം നിയമനത്തിന് പി.എസ്.സി. വഴി അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലഘട്ടത്തിൽ എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000 നവംബർ 30 വരെ 96954 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) 2000 മെയ് വരെ 78487 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**19(22) പി.എസ്.സി. റാങ്ക് ലിസ്റ്റ്**

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly